**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4294** **09-08-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ഇ.എസ്.ഐ ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടിയിൽ ഇ.എസ്.ഐ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; ഡിസ്പെൻസറി ആരംഭിക്കുന്നതിനു ഇതുവരെ സ്വീകരിച്ച നടപടികളെ കുറിച്ച് വ്യക്തമാക്കാമോ? | (എ) | മാനന്തവാടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15.09.2017 ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ 9 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ വാടക കെട്ടിടം കണ്ടെത്തി ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടം കണ്ടെത്തുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. ഇക്കാര്യത്തിൽ CPP Portal വഴി 18.12.2020 ന് ക്ഷണിച്ച അഞ്ചാമത്തെ റീ ടെൻഡറിൽ ആരുംതന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്താനായിട്ടില്ല. |

സെക്ഷൻ ഓഫീസർ